കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം.6/13/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: 22-01-2019

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എം.എ.2/19

നം. കെ.എസ്.എ.എം.പി.എം6/13/2019 തിയ്യതി:22-01-2019

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.09.2017 മുതൽ 09.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10-12-2018 മുതൽ 20-12-2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എൻ.കെ.ഷൗക്കത്തലി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ. ഗോപാലകൃഷ്ണൻ | 01.04.2017 മുതൽ 15.02.2018 വരെ |
| ശ്രീമതി. ടി.വി ഷൈലജ(അധിക ചുമതല) | 16.02.2018 മുതൽ 23.02.2018 വരെ |
| ശ്രീ.വൈ.പി.മുഹമ്മദ് അഷ്റഫ് | 24.02.2018 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ. ഗോപാലകൃഷ്ണൻ | 01.04.2017മുതൽ15.02.2018വരെ |
| | ശ്രീമതി. ടി.വി ഷൈലജ(അധിക ചുമതല) | 16.02.2018മുതൽ23.02.2018വരെ |
| | ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ് | 24.02.2018മുതൽ31.03.2018വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ടി.വി ഷൈലജ | 01.04.2017മുതൽ31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സജീഷ് സി | 01.04.2017മുതൽ31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. ഇന്ദു കെ | 01.04.2017മുതൽ31.03.2018വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീ.ജോളി ജോസഫ് | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മൂസ കെ.കെ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അബൂബക്കർ.എം | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഫൗസിയ | 01.04.2017മുതൽ31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.മഹീദ.പി. | 01.04.2017മുതൽ31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.എമി പോൾ | 01.04.2017മുതൽ31.03.2018വരെ |
| വി.ഇ.ഒ | ശ്രീ. രതീഷ് വി.വി | 01.04.2017മുതൽ31.03.2018വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.അനല എസ് മേനോൻ | 01.04.2017മുതൽ14.06.2017വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ദിവ്യാ ജി.എൻ | 15.06.2017മുതൽ03.11.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. സജിനി ഒ | 04.11.2017മുതൽ31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | രസീത് പുസ്തകങ്ങൾ, കളക്ഷൻ രജിസ്റ്ററുകൾ - അപാകതകൾ. | 2-1 | |
| 14 | ഡി&ഒ ലൈസൻസ് - അപാകതകൾ,ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു. | 2-2 | |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല-മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും അപാകത പരിഹരിച്ചില്ല. | 2-3 | |
| 16 | കെട്ടിട ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല | 2-4 | |
| 17 | വസ്തു നികുതി നിർണയം-അപാകത, മേഖല അടിസ്ഥാനത്തിലുള്ള വർദ്ധന ചെയ്തില്ല | 2-5 | |
| 18 | നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല | 2-6 | |
| 19 | ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചില്ല | 2-7 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | ലൈബ്രറികൾക്ക് കമ്പ്യൂട്ടറും പ്രൊജക്ടറും വാങ്ങൽ പ്രൊജക്ട് - മാർഗ്ഗരേഖ നിർദേശം പാലിച്ചില്ല | 3-1 | |
| 21 | എസ്.സി വിവാഹധനസഹായം - അധിക തുക അനുവദിച്ചു | 3-2 | |
| 22 | മാർഗ്ഗരേഖ നിർദേശത്തിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു | 3-3 | |
| 23 | കാട് വെട്ട് യന്ത്രം നൽകൽ പ്രൊജക്ട് - മാർഗ്ഗരേഖ നിർദേശം പാലിച്ചില്ല | 3-4 | |
| 24 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല | 3-5 | |
| 25 | പർച്ചേസ് ചെയ്ത ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗപ്രദമാക്കിയില്ല | 3-6 | |
| 26 | ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള പാത്രങ്ങൾ ലഭ്യമാക്കിയില്ല | 3-7 | |
| 27 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-8 | |
| 29 | അനിവാര്യമല്ലാത്ത പ്രവൃത്തികൾ നടത്തി -പൊതു പണം പാഴ്ച്ചെലവായി | 3-9 | |
| 30 | പി.ഡബ്ല്യൂ.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല | 3-10 | |
| 31 | യഥാർത്ഥത്തിൽ ഉപയോഗിച്ചതിനെക്കാൾ കൂടുതൽ സാധനത്തിന് പണം നൽകി. | 3-11 | |
| 32 | കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയില്ല- ഒരു കോടി രൂപ ചെലവ് ഉപകാരപ്പെടുന്നില്ല | 3-12 | |
| 33 | പിഴ ഈടാക്കിയിട്ടില്ല. | 3-13 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 45 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| 46 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| 47 | ബാലൻസ് ഷീറ്റ് | 4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2(1)/29-03-2017 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 2(1)/24-03-2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 30.04.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ. | കെ.എസ്.എ.എം.പി.എം 6/1054 /2018/04.07.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24506262.71 |
| വരവ് | 142287621 |
| ആകെ | 166793883.71 |
| ചെലവ് | 139778122 |
| നീക്കിബാക്കി | 27015761.71 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

0

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29738324 | 29738324 | 23872769 | 5865555 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6935823 | 6935823 | 6662351 | 273472 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2377034 | 2377034 | 2354492 | 22542 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8804986 | 8804986 | 8718825 | 86161 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5462000 | 5462000 | 5427938 | 34062 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 16975928 | 16975928 | 14747999 | 2227929 |
| കെ.എൽ.എസ്.ജി.ഡി.പി-State (ACR പ്രകാരം) | 0 | 9547092 | 9547092 | 8189725 | 1357367 |
| കെ.എൽ.എസ്.ജി.ഡി.പി-Central (ACR പ്രകാരം) | 0 | 17632562 | 17632562 | 15221057 | 2411505 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 10249140 | 13760086 | 24009226 | 22258101 | 1751125 |
| എം.എൻ ലക്ഷംവീട് | 119983 | 4799 | 124782 | 0 | 124782 |
| ടി.എസ്.സി | 994973 | 149045 | 1144018 | 378405 | 765613 |
| എൻ.ആർ.ഇ.ജി.എസ് | 195872 | 14076386 | 14272258 | 13860570 | 411688 |
| സാക്ഷരത | 157383 | 68730 | 226113 | 129280 | 96833 |
| എസ്.എസ്.എ | 55236 | 3171 | 58407 | 1114 | 57293 |
| WGDP-എസ്.സി | 16847 | 674 | 17521 | 0 | 17521 |
| WGDP-എസ്.ടി | 46621 | 865 | 48486 | 0 | 48486 |
| ബി ഫണ്ട് | 0 | 56325540 | 56325540 | 56325540 | 0 |
| തനത് ഫണ്ട്-SBI-E-Payment | 6783 | 23329 | 30112 | 2397 | 27715 |
| തനത് ഫണ്ട്-Post Office SB | 4613 | 0 | 4613 | 0 | 4613 |
| തനത് ഫണ്ട്-Urangattiri SCB | 4554812.71 | 25285747 | 29840559.71 | 22700459 | 7140100.71 |
| തനത് ഫണ്ട്-SMGB Sand | 2016335 | 4955505 | 6971840 | 2574593 | 4397247 |
| എസ്.ബി.ഐ Bill System | 469677 | 17494 | 487171 | 0 | 487171 |
| എസ്.ടി Corpus Fund | 1240000 | 49600 | 1289600 | 0 | 1289600 |
| ജലനിധി | 3815942 | 20579306 | 24395248 | 13348735 | 11046513 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 2520977 | 2520977 | 3170867 | -649890 |
| VAT-E-pay | 0 | 0 | 0 | 649 | -649 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 130431757 | 199 | 95300572 | 51 | 60 | 64 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 195872 | 1413160 | 1609032 | 1197344 | 411688 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12663226 | 12663226 | 12663226 | 0 |
| ആകെ | 195872 | 14076386 | 14272258 | 13860570 | 411688 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 252840 | 430 |
| കർഷകതൊഴിലാളിപെൻഷൻ | 9768700 | 817 |
| വിധവാപെൻഷൻ | 17271700 | 1513 |
| വാർദ്ധക്യകാലപെൻഷൻ | 22429900 | 1911 |
| വികലാംഗപെൻഷൻ | 6293600 | 585 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 308800 | 28 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.12.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ ടാപ്പുകളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, ട്രൈഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.
4. നിയമപരമല്ലാത്ത കെട്ടിടങ്ങളെ കുറിച്ചുള്ള U/A ബിൽഡിംഗ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
5. സെക്രട്ടറിയുടെ ഫയൽ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
6. വാർഷിക റിപ്പോർട്ടിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.11.2018 | 01.09.2018 മുതൽ 31.10.2018 വരെ. | 27-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.10.2015 മുതൽ 26.10.2015 വരെ. | 2010 -11 മുതൽ 2014 -15 വരെ. | 23-12-2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം6/1054/2018/04.07.2018 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

1. വാർഷിക ധനകാര്യ പത്രികയുടെ കൂടെ അടിസ്ഥാന അനുപാതങ്ങൾ(റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

2. ലേലം രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല.

3. അസറ്റ് രജിസ്റ്ററിൽ ആസ്തികളുടെ വില രേഖപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി-14ൽ ക്ലോസിംഗ് സ്റ്റോക്ക്- സ്റ്റോർസ് എന്ന ഇനത്തിൽ(430100103) 26400/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
5. മുൻവർഷ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ചിട്ടില്ല

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് പുസ്തകങ്ങൾ, കളക്ഷൻ രജിസ്റ്ററുകൾ - അപാകതകൾ

രസീത് പുസ്തകങ്ങളും അവയുടെ കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ 19-11-2018ന് 32750 നമ്പർ രസീത് പുസ്തകത്തിലെ 13ാം നമ്പർ രസീത് പ്രകാരം പിരിച്ചെടുത്ത 281/-രൂപ കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ പഞ്ചായത്തിൽ അടവാക്കുകയോ ചെയ്തിട്ടില്ലായിരുന്നു. മിക്ക കളക്ഷൻ രജിസ്റ്ററുകളിലും പണം അടവാക്കുന്ന കക്ഷിയുടെ പേര്, പിരിവ് തിയ്യതി എന്നീ വിവരങ്ങൾ അതാത് കോളങ്ങളിൽ രേഖപ്പെടുത്താതെ രസീത് നമ്പറിട്ട് പിരിവ് തുകകൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. എല്ലാ രസീത് പുസ്തകങ്ങളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ ചെയ്യുന്നില്ല(ഉദാ: 13707, 13717, 32719, 32733, 32734, 32737, 32740, 13713, 13714,13711 നമ്പർ രസീത് പുസ്തകങ്ങൾ) .

പണം ഒടുക്കിൽ കുറവ് വന്ന 281/- രൂപ ഈടാക്കി അറിയിക്കേണ്ടതും രസീത് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പരിഹരിക്കാത്തവ ഉൾപ്പടെയുള്ള മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ് എന്നും ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 1/12.12.18ന് ലഭ്യമാക്കിയ മറുപടിയിൽ പണം ഒടുക്കിൽ കുറവ് വന്ന തുക 12.12.18 ലെ 118040104730 നമ്പർ രസീത് പ്രകാരം അടവാക്കിയതായും മറ്റ് അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 2-2 ഡി&ഒ ലൈസൻസ് - അപാകതകൾ,ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1)ഡി&ഒ ലൈസൻസ് - അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ്(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ),1996 ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ശ്രീമതി.രഞ്ജിനി കെ.എം എന്ന പെട്രോൾ പമ്പ് ഉടമയിൽ നിന്നും 500/-രൂപ കുറവായാണ് ഈടാക്കിയിരുന്നത്. നിരവധി അപേക്ഷകളിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനടിസ്ഥാനമായ വിവരങ്ങളുൾപ്പടെ അപേക്ഷയിലെ പ്രസക്ത ഭാഗങ്ങളായ വിറ്റുവരവ്, അന്വേഷണ റിപ്പോർട്ട്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ

പേര്, ഒപ്പ് സെക്രട്ടറിയുടെ ഒപ്പ് തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയ ചില അപേക്ഷകളിൽ വളരെ കുറഞ്ഞ വിറ്റുവരവ് രേഖപ്പെടുത്തിക്കാണുന്നത് വസ്തുതാപരമല്ല.

12/64F കെട്ടിടത്തിൽ സിമന്റ്,കമ്പി കച്ചവടം നടത്തുന്നതിന് സുൽഫിക്കർ അലി എന്ന വ്യക്തിക്ക് 14.12.17ന് എ6-7113/2017-18-210 നമ്പർ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥാപനം തൊട്ടടുത്ത നിയമപരമല്ലാത്ത കെട്ടിടത്തിലുൾപ്പടെ നിലവിൽ പ്രവർത്തിച്ച് വരുന്നതായി ബോധ്യപ്പെട്ടു. ലൈസൻസിന്റെ കാലാവധി 31.03.2018ന് അവസാനിച്ചതാണ്. ആയത് നാളിതുവരെയും പുതുക്കിയിട്ടില്ല.

2) ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 04/15.12.18, 05/15.12.18 എന്നിവക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന തുക 500/- രൂപ ഓഡിറ്റ് വേളയിൽ 18-12-2018 ലെ 11804014876 രസീത് പ്രകാരം ഈടാക്കി അടവാക്കിയതായും റേഷൻ കടകളുടെ ലൈസൻസും തൊഴിൽ നികുതിയും സംബന്ധിച്ച് 15 റേഷൻകടകൾക്കും താലൂക്ക് സപ്ലൈ ഓഫീസർക്കും കത്ത് നൽകിയതായും മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

മുകളിൽ പരാമർശിച്ച ലൈസൻസ് പുതുക്കാത്ത സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും കാലാവധിയുള്ള ലൈസൻസോടു കൂടിയാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുകയും ലൈസൻസില്ലാത്ത പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ കൈകൊണ്ട് ഈയിനത്തിലുള്ള കൃത്യമായ വരവ് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ചേർന്ന് സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല-മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിട്ടും അപാകത പരിഹരിച്ചില്ല.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ/സ്ഥാപന നികുതി ഓഡിറ്റ് വർഷത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

1) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | അൽനാസ് ആശുപത്രി, പത്തനാപുരം, ഊർങ്ങാട്ടിരി | I, II |
| 2 | മജ്മഅ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തെരട്ടമ്മൽ | I, II |
| 3 | യുറാക്കോ(ഊർങ്ങാട്ടിരി സർവ്വീസ് സഹ.ബാങ്ക് | I, II |

| | | |
|---|---|---|
| | സംരംഭം), കല്ലരട്ടിക്കൽ | |
| 4 | മാവേലി സ്റ്റോർ, തെരട്ടമ്മൽ | I, II |
| 5 | മാവേലി സ്റ്റോർ, വെറ്റിലപ്പാറ | I, II |
| 6 | റേഷൻ കടകൾ | I, II |

3) ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I, II |
| 2 | കെ.എസ്.ഇ.ബി | I, II |
| 3 | അൽനാസ് ആശുപത്രി, പത്തനാപുരം, ഊർങ്ങാട്ടിരി | I, II |
| 4 | മജ്മഅ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തെരട്ടമ്മൽ | I, II |
| 5 | യുറാക്കോ(ഊർങ്ങാട്ടിരി സർവ്വീസ് സഹ.ബാങ്ക് സംരംഭം), കല്ലരട്ടിക്കൽ | I, II |
| 6 | ഊർങ്ങാട്ടിരി വനിതാ സർവ്വീസ് സഹകരണ സംഘം | I |
| 7 | മാവേലി സ്റ്റോർ, തെരട്ടമ്മൽ | I, II |
| 8 | മാവേലി സ്റ്റോർ, വെറ്റിലപ്പാറ | I, II |
| 9 | റേഷൻ കടകൾ | I, II |

മേൽ സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും തൊഴിൽ/സ്ഥാപന തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കേണ്ടതും അതാത് അർദ്ധ വർഷം ടി നികുതികൾ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നും ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 2/12.12.18ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതികൾ അടവാക്കാത്ത സ്ഥാപന മേധാവികൾക്ക് അവ ഈടാക്കുന്നതിന് നോട്ടീസ് നൽകിയതായും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു.
മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും (2014-15, 2015-16, 2016-17) മാവേലി സ്റ്റോർ, റേഷൻ കടകൾ, മജ്മഅ് സ്കൂൾ, അൽനാസ് ആശുപത്രി മുതലായ സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിട്ടും യഥാസമയം നികുതികൾ അടവാക്കാത്ത ഇത്തരം സ്ഥാപനങ്ങളുടെ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കുന്നില്ല എന്നത് ബന്ധപ്പെട്ടവരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതെ ഇത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും അവ പിഴ സഹിതം ഈടാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-4 കെട്ടിട ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് അനുവദിച്ചപ്പോൾ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണം താഴത്തെ നില മെയിൻ സ്ലാബ് വരെ പൂർത്തിയായിട്ടും ക്രമവൽക്കരണ ഫീസ് ഈടാക്കാതെ(ക്രമവൽക്കരണ ഫീസ് ഈടാക്കുന്നതിനായി സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തി നിർദ്ദേശിച്ചിട്ടുമുണ്ട്) പെർമിറ്റ് ഫീസ് മാത്രമാണ് ചുവടെ ചേർത്ത അപേക്ഷകനിൽ നിന്നും ഈടാക്കിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | പെർമിറ്റ് നമ്പർ, | ഈടാക്കിയ ഫീസ്,രസീത് നമ്പർ | ഈടാക്കേണ്ട ഫീസ്(ക്രമവൽക്കരണം) | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | പെർമിറ്റ് പ്രകാരമുള്ള വിസ്തീർണ്ണം | | | |
| ശ്രീ. പ്രഭാകരൻ കുന്നത്തൊടി, S/o.ചേലാട്ട നാരായണൻ നായർ | പാർപ്പിടം | A7-5668/17 /07.12.17, 184.89 $m^2$ | 585/-, 117040104775/07-12-17 | 1109/- (184.89x3x2=1109) | 524/- |

അപാകത ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 9/19.12.18ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക 524/-രൂപ ഈടാക്കി അറിയിക്കുകയും അപാകതക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-5 വസ്തു നികുതി നിർണയം-അപാകത, മേഖല അടിസ്ഥാനത്തിലുള്ള വർദ്ധന ചെയ്തില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച 19-10-2011 ലെ 1ാം നമ്പർ ഭരണസമിതി തീരുമാനം, ലഭ്യമാക്കിയ മറ്റ് രേഖകൾ (വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം ഹാജരാക്കിയിട്ടില്ല, ആയത് പ്രളയ സമയത്ത് ഫയലുകൾ മാറ്റിയതിൽ കാണാതായതാണ് എന്ന് അറിയിച്ചു-ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.07/19-12-18) എന്നിവ പ്രകാരം, 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതിയുടെ 20% വർധനയുള്ളതും ദ്വിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് 10% ഇളവും ഉള്ളതും എന്നാൽ പ്രഥമ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് നികുതിയിളവ് ഇല്ലാത്തതുമാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ മൈത്ര പ്രദേശത്ത് PWD, പഞ്ചായത്ത് റോഡിൽ നിന്നും 300 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ പ്രാഥമിക മേഖലയിലാണ് ഉൾപ്പെടുന്നത്, എന്നാൽ ചുവടെ ചേർത്ത അപേക്ഷകരിൽ നിന്ന് വസ്തു നികുതി നിർണ്ണയിച്ച് അസസ്സ് ചെയ്യപ്പോൾ വിജ്ഞാപന പ്രകാരമുള്ള പ്രഥമ മേഖലകളിലുൾപെട്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലകളിലുൾപെടുത്തി 10% നികുതി കുറവ് നൽകിയതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) കെട്ടിട ഉടമയുടെ പേര് : ശ്രീ. പാറക്കൽ അബ്ദുസ്സലാം, പാറക്കൽ വീട്, മൈത്ര

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 12/61 C മുതൽ 12/61 N വരെ.

ഉടമ സമർപ്പിച്ച പ്ലാൻ പ്രകാരം ടി കെട്ടിടം മൈത്ര അങ്ങാടിയിൽ നിന്നും 100 മീറ്റർ മാത്രം അകലെ 8 മീറ്റർ വീതിയുള്ള മൈത്ര-മൈത്രകടവ് പാലം-അരീക്കോട് റോഡിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ടി കെട്ടിടം മൈത്ര അങ്ങാടിയിൽ നിന്നും 300 മീറ്റർ ചുറ്റളവിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടതുമാണ്. ആയത് പ്രകാരം പ്രഥമ മേഖലകളിലുൾപെട്ട ടി കെട്ടിടത്തെ ദ്വിതീയ മേഖലകളിലുൾപെടുത്തിയാണ് വസ്തു നികുതി നിർണയിച്ചതും 2017-18 രണ്ടാം അർദ്ധ വർഷത്തെ വസ്തു നികുതി ഈടാക്കിയതും, ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതി ഇളവ് - ഇല്ല(പ്രഥമ മേഖല),വർധനവ് - വഴി സൗകര്യം @ 20%.

രസീത് നമ്പർ: 117040106265 മുതൽ 117040106271 വരെ,117040106283,117040106272,117040106273, 117040106281,117040106282 തിയതി: 05.02.18

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | 2017-18 രണ്ടാം അർദ്ധ വർഷം ഈടാക്കിയ തുക (വിസ്തീർണ്ണംx50-10%+20%) | 2017-18 രണ്ടാം അർദ്ധ വർഷം ഈടാക്കേണ്ട തുക (വിസ്തീർണ്ണംx50+20%) | 2017-18 രണ്ടാം അർദ്ധ വർഷം കുറവ് വന്ന തുക |
|---|---|---|---|---|---|

| | | | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | വസ്തു നികുതി | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|---|---|
| I)കെട്ടിടത്തിന്റെ തരം : 12/61 C മുതൽ 12/61 J വരെ-വാണിജ്യ ആവശ്യങ്ങൾക്കുള്ള 100$m^2$ ന് മുകളിലുള്ള കെട്ടിടം - അടിസ്ഥാന വസ്തു നികുതി നിരക്ക് : 50 രൂപ/$m^2$, | | | | | | | | |
| 1 | 12/61 C | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 2 | 12/61 D | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 3 | 12/61 E | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 4 | 12/61 F | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 5 | 12/61 G | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 6 | 12/61 H | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 7 | 12/61 I | 37$m^2$ | 1017 | 51 | 1110 | 56 | 93 | 5 |
| 8 | 12/61 J | 18$m^2$ | 470 | 24 | 540 | 27 | 70 | 3 |
| II)കെട്ടിടത്തിന്റെ തരം : 12/61 K മുതൽ 12/61 N വരെ-അസംബ്ലി കെട്ടിടം,.......ലോഡ്ജ് - അടിസ്ഥാന വസ്തു നികുതി നിരക്ക് : 25 രൂപ/$m^2$ | | | | | | | | |
| | | | നികതി=വിസ്തീർണ്ണംx25-10%+20% | | നികതി=വിസ്തീർണ്ണംx25+20% | | | |
| 1 | 12/61 K | 59.5$m^2$ | 818 | 41 | 893 | 45 | 75 | 4 |
| 2 | 12/61 L | 59.5$m^2$ | 818 | 41 | 893 | 45 | 75 | 4 |
| 3 | 12/61 M | 59.5$m^2$ | 818 | 41 | 893 | 45 | 75 | 4 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 12/61 N | 59.5$m^2$ | 818 | 41 | 893 | 45 | 75 | 4 |
| ആകെ കുറവ് | | | | | | | 1021 | 54 |

2)കെട്ടിട ഉടമയുടെ പേര് : ശ്രീ. സുൽഫിക്കർ അലി.കെ. പി,കരുപറമ്പൻ, മൈത്ര.

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 12/64 A മുതൽ 12/64 O വരെ.

രസീത് നമ്പർ: 117040100671 മുതൽ 117040100685 വരെ. തിയതി: 15.05.17

ടി കെട്ടിടം മൈത്ര അങ്ങാടിയിൽ നിന്നും 300 മീറ്റർ ചുറ്റളവിനുള്ളിൽ, 8 മീറ്ററിലധികം വീതിയുള്ള മൈത്ര-മൈത്രകടവ് പാലം-അരീക്കോട് PWD/പഞ്ചായത്ത് റോഡിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ആയത് പ്രകാരം പ്രഥമ മേഖലയിലുൾപെട്ട ടി കെട്ടിടത്തെ ദ്വിതീയ മേഖലകളിലുൾപെടുത്തിയാണ് വസ്തു നികുതി നിർണയിച്ചതും 2017-18 വർഷത്തെ വസ്തു നികുതി ഈടാക്കിയതും, ഈ ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതി ഇളവ് - ഇല്ല(പ്രഥമ മേഖല),വർധനവ് - വഴി സൗകര്യം @ 20%.

| ക്രമനമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | 2017-18 വർഷം ഈടാക്കിയ തുക | | 2017-18വർഷം ഈടാക്കേണ്ടിയിരുന്ന തുക | | 2017-18 വർഷം കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | വസ്തു നികുതി | ഗ്രന്ഥശാല വരി | വസ്തു നികുതി | ഗ്രന്ഥശാല വരി | വസ്തു നികുതി | ഗ്രന്ഥശാല വരി |
| കെട്ടിടത്തിന്റെ തരം : 12/64 A മുതൽ 12/64 M വരെ-വാണിജ്യ ആവശ്യങ്ങൾക്കുള്ള 100$m^2$ ന് മുകളിലുള്ള കെട്ടിടം - അടിസ്ഥാന വസ്തു നികുതി നിരക്ക് : 50 രൂപ/$m^2$ | | | | | | | | |
| | | | താഴത്തെ നില:വസ്തു നികുതി= വിസ്തീർണ്ണംx50-10%+20% | | താഴത്തെ നില:വസ്തു നികുതി =വിസ്തീർണ്ണംx50+20% | | | |
| 1 | 12/64 A | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 2 | 12/64 B | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 3 | 12/64 C | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 4 | 12/64 D | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 5 | 12/64 E | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 6 | 12/64 F | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 7 | 12/64 G | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| 8 | 12/64 H | 19.75$m^2$ | 1087 | 55 | 1185 | 60 | 98 | 5 |
| | | | ഒന്നാം നില: വസ്തു നികുതി= വിസ്തീർണ്ണംx50-10%+20%-5% | | ഒന്നാം നില:വസ്തു നികുതി = വിസ്തീർണ്ണംx50+20%-5% | | | |
| 9 | 12/64 I | 22$m^2$ | 1150 | 58 | 1254 | 63 | 104 | 5 |
| 10 | 12/64 J | 22$m^2$ | 1150 | 58 | 1254 | 63 | 104 | 5 |
| 11 | 12/64 K | 22$m^2$ | 1150 | 58 | 1254 | 63 | 104 | 5 |
| 12 | 12/64 L | 22$m^2$ | 1150 | 58 | 1254 | 63 | 104 | 5 |
| 13 | 12/64M | 22$m^2$ | 1150 | 58 | 1254 | 63 | 104 | 5 |
| കെട്ടിടത്തിന്റെ തരം:12/64 M,12/64 N-ലോഡ്ജ്... - അടിസ്ഥാന വസ്തു നികുതി നിരക്ക് :25 രൂപ/$m^2$ | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | നികുതി = വിസ്തീർണ്ണം x 25 -10%+20% | | നികുതി = വിസ്തീർണ്ണം x 25+20% | | | |
| 14 | 12/64 N | $45.5m^2$ | 1252 | 63 | 1365 | 69 | 113 | 6 |
| 15 | 12/64 O | $45.5m^2$ | 1252 | 63 | 1365 | 69 | 113 | 6 |
| ആകെ കുറവ് | | | | | | | 1530 | 77 |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/19-12-18, 10/20-12-18 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രണ്ട് കെട്ടിടങ്ങളുടെയും വസ്തു നികുതി പുതുക്കി നിർണയിച്ച് അപാകത പരിഹരിക്കുകയും കുറവ് വന്ന ആകെ തുക 2682/-രൂപ(1021+54+1530+77=2682) ഈടാക്കുകയും ചെയ്ത് അറിയിക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതുമാണ് .

## 2-6 നിയമപരമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിലെ 12ാം വാർഡിൽ മൈത്ര അങ്ങാടിയിൽ നിന്നും ഏകദേശം 100 മീറ്റർ മാത്രം അകലെ 8 മീറ്ററിലധികം വീതിയുള്ള മൈത്ര-മൈത്രകടവ് പാലം-അരീക്കോട് PWD/പഞ്ചായത്ത് റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 12/64F നമ്പർ കെട്ടിടത്തിൽ സിമന്റ്,കമ്പി കച്ചവടം നടത്തുന്നതിന് സുൽഫിക്കർ അലി എന്ന വ്യക്തിക്ക് 14.12.17ന് എ6-7113/2017-18-210 നമ്പർ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെയും ക്ലർക്കിന്റെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ലൈസൻസ് പ്രകാരമുള്ള സ്ഥാപനം 12/64F നമ്പർ കെട്ടിടത്തോട് ചേർന്ന് നിർമിച്ച $109.44m^2$ വിസ്തീർണ്ണമുള്ള കെട്ടിത്തിലാണ് പ്രധാനമായും പ്രവർത്തിക്കുന്നത് എന്നും 2018-19 വർഷത്തിൽ ടി സ്ഥാപനം ലൈസൻസ് പുതുക്കാതെയാണ് പ്രവർത്തനം തുടരുന്നത് എന്നും ബോധ്യപ്പെട്ടു. ടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് പഞ്ചായത്ത് പെർമിറ്റ് നല്കുകയോ നികുതി ചുമത്തി നമ്പർ നൽകുകയോ ചെയ്തിട്ടില്ല.

നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട മേൽ നിർമിതിക്ക് നാളിതുവരെയും ക്രമവൽകരണം നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി കെട്ടിടം പൊളിച്ച് കളയുകയോ, അപാകത പരിഹരിച്ച് കെട്ടിടത്തിന് വസ്തു നികുതി ചുമത്തി നമ്പർ നൽകുകയോ ചെയ്യേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽപ്പെടുത്തി നിശ്ചിത നിരക്കിൽ വസ്തുനികുതി ഈടാക്കണമെന്ന് നിർദേശിക്കുന്നുണ്ട്. ചട്ടം 24 പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി നൽകാൻ കെട്ടിട ഉടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നതാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

ഈ കെട്ടിടം എന്ന് മുതലാണ് പ്രവർത്തനക്ഷമമായതു എന്ന് പരിശോധിച്ച് ആയത് മുതലുള്ള വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

അതുപ്രകാരം കെട്ടിടത്തിന് ഈടാക്കേണ്ട വസ്തുനികുതി താഴെ പറയുന്നു.

ഓവർസിയറുടെയും ക്ലർക്കിന്റെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടത് പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ – 109.44 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല - പ്രാഥമിക മേഖല(വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ലഭ്യമാക്കിയ രേഖകൾ പ്രകാരം മൈത്ര പ്രദേശത്ത് PWD, പഞ്ചായത്ത് റോഡിൽ നിന്നും 300 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾ പ്രാഥമിക മേഖലയാണ്)

റോഡിന്റെ തരം - 5 മീറ്ററിൽ കൂടുതൽ വീതിയുള്ളത്.

കെട്ടിടത്തിന്റെ തരം : വാണിജ്യ ആവശ്യങ്ങൾക്കുള്ള $100m^2$ ന് മുകളിലുള്ള കെട്ടിടം - അടിസ്ഥാന വസ്തു നികുതി നിരക്ക് : 50 രൂപ/$m^2$

കെട്ടിടത്തിന്റെ മേൽക്കൂര : റൂഫിംഗ് ഷീറ്റ്

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി : 109.44x50 | 5472 |
| റോഡ് അടിസ്ഥാനത്തിലുള്ള വർദ്ധനവ് : 20% | 1094.4 |
| മേൽക്കൂര അടിസ്ഥാനത്തിലുള്ള ഇളവ് : 10% | 547.2 |
| നിയമപ്രകാരമുള്ള വസ്തു നികുതി | 6019.2 |

നിയമപ്രകാരമല്ലാതെ നിർമിക്കപ്പെട്ട കെട്ടിടമായതിനാൽ നിയമപ്രകാരമുള്ള നികുതിക്ക് പുറമെ അതിന്റെ രണ്ട് ഇരട്ടി കൂടി ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആയതിനാൽ കെട്ടിട നിർമാണം ക്രമവൽകരിച്ച് മുകളിൽ ചേർത്ത വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കെട്ടിടം പ്രവർത്തനക്ഷമമായതു മുതൽ ക്രമവൽകരണം നടത്തുന്നതു വരെ കെട്ടിടത്തിന് U/A നമ്പർ നൽകി ചട്ടപ്രകാരമുള്ള മൂന്ന് ഇരട്ടി നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/20-12-18ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 2-7 ഇ. ടെണ്ടർ - ടെണ്ടർ ഫോറം വില പഞ്ചായത്തിൽ അടച്ചില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിന് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലൈബ്രറികൾക്ക് കമ്പ്യൂട്ടറും പ്രൊജക്ടറും വാങ്ങൽ പ്രൊജക്ട് - മാർഗ്ഗരേഖ നിർദേശം പാലിച്ചില്ല

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈബ്രറികൾക്ക് കമ്പ്യൂട്ടറും പ്രൊജക്ടറും വാങ്ങൽ (പ്രൊജക്ട് നമ്പർ : 338/17-18) പ്രൊജക്ട് പ്രകാരം 195200 രൂപ ചെലവഴിച്ച് HALCYON Transmission Technologies, Perinthalmanna എന്ന സ്ഥാപനത്തിൽ നിന്ന് (ഇൻവോയ്സ് നമ്പർ : 350/13-02-2018) ലൈബ്രറികൾക്ക് 2 acer i3കമ്പ്യൂട്ടറും 2 പ്രൊജക്ടറും വാങ്ങി നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ/തിയ്യതി : 3/23-02-2018 തുക : 54698 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെക്ക് നമ്പർ/തിയ്യതി : 6222886/22-02-2018തുക : 140502 രൂപ (തനത് ഫണ്ട്)

ചുവടെ ചേർക്കുന്ന 2 ലൈബ്രറികൾക്കാണ് കമ്പ്യൂട്ടറും പ്രൊജക്ടറും വിതരണം ചെയ്തത്.

1. നവധാര ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്, കിണറടപ്പൻ

2. മൈത്രി പുരോഗമന കലാവേദി വായനശാല ഗ്രന്ഥാലയം, മൈത്ര

പതിമൂന്നാം പഞ്ചവത്സര പദ്ധതി (ആദ്യ വർഷം 2017-18) പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 72/2017 ത.സ്വ.ഭ.വ തി: 29-03-2017 ഖണ്ഡിക IX പ്രകാരം പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയതിന് ശേഷം ഗ്രാമ പഞ്ചായത്തിലെ ലൈബ്രറി കൗൺസിൽ നിയന്ത്രണത്തിലുള്ള വായനശാലകൾക്കും ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്തിന് കീഴിൽ മൂർക്കനാട് എന്ന സ്ഥലത്ത് മൂർക്കനാട് സാംസ്കാരിക നിലയം എന്ന പേരിൽ ഒരു ലൈബ്രറിയുണ്ട്. ലൈബ്രറിക്കായി ഒരു പാർട് ടൈം ലൈബ്രേറിയൻ തസ്തികയും നിലവിലിലുണ്ട്. എന്നാൽ ലൈബ്രറിയിൽ കമ്പ്യൂട്ടർ പ്രൊജക്ടർ എന്നിവയില്ല എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നമ്പർ 11/19-12-2018) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള ലൈബ്രറിയിൽ അടിസ്ഥാന സൌകര്യം ഏർപ്പെടുത്താതെ മറ്റു ലൈബ്രറികൾക്ക് ഇത്തരം സഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 20/20-12-2018) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 195200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 എസ്.സി വിവാഹധനസഹായം - അധിക തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം നൽകൽ പ്രൊജക്റ്റിൽ (പ്രൊജക്റ്റ് നമ്പ്ര : 2/17-18) ചുവടെ ചേർക്കുന്ന ബില്ല് പ്രകാരം പിൻവലിച്ച തുക 4 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ബിൽ നമ്പർ/തിയ്യതി: 1/17-18 തി. 25-07-2017

തുക: 300,000 രൂപ, (എസ്. സി. പി)

ഗുണഭോക്താക്കളുടെ പേര്, നൽകിയ തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തിയ്യതി | അനുവദിച്ച ധനസഹായം |
|---|---|---|---|---|
| 1 | ലക്ഷ്മണൻ. ടി, പൂവത്തിക്കൽ | നീന മോൾ | 26-03-2017 | 75000 |
| 2 | ബീന. പി.കെ, പൂവത്തിക്കൽ | ബിബിന. വി | 07-05-2017 | 75000 |
| 3 | സരോജിനി, വടക്കുംമുറി | മാലിനി. പി.കെ | 18-05-2017 | 75000 |
| 4 | സരോജിനി. പി, കുത്തുപറമ്പിൽ | സ്മിത ടി.എസ് | 13-05-2017 | 75000 |
| ആകെ | | | | 300,000 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17), 2016-17 വാർഷിക പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 4/2016/ത.സ്വ.ഭ.വ, തി.11-01-2016, 6.5 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് 50000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) യിലെ ആദ്യ വർഷ പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള 2017-18 ലെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തി:03-04-2017 പ്രകാരം വിവാഹ ധനസഹായം ഒരു വ്യക്തിക്ക് നൽകേണ്ട തുകയുടെ പരിധി 75000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആയതിന് 01-04-2017 മുതലാണ് പ്രാബല്യം. എന്നാൽ ക്രമ നമ്പർ 1 പ്രകാരമുള്ള ഗുണഭോക്താവ് ശ്രീ. ലക്ഷ്മണൻ. ടി, തണ്ടാടിയിൽ, പൂവത്തിക്കൽ, എന്നയാളുടെ മകൾ നീന മോളുടെ വിവാഹം നടന്നത് 26-03-2017 നാണ്. മാർഗ്ഗരേഖ പ്രകാരം മേൽ ഗുണഭോക്താവിന് 50000 രൂപ ധനസഹായത്തിനാണ് അർഹത. എന്നാൽ ടിയാൾക്ക് 75000 രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താവിന് 75000 രൂപ അനുവദിച്ചതിന് ആധാരമായ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 12/19-12-2018) മറുപടി ലഭ്യമാക്കിയില്ല. അർഹമായതിലും അധികമായി നൽകിയ വിവാഹ ധനസഹായം 25000 രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഇടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. അധിക ചെലവ് 25000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 മാർഗ്ഗരേഖ നിർദേശത്തിന് വിരുദ്ധമായി സബ്സിഡി അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ വൃദ്ധർക്ക് ഊന്നുവടി - എസ്.സി (പ്രൊജക്റ്റ് നമ്പ്ര : 184/17-18), വൃദ്ധർക്ക് ഊന്നുവടി - എസ്.ടി (പ്രൊജക്റ്റ് നമ്പ്ര : 185/17-18) എന്നീ പ്രൊജക്റ്റുകൾക്കായി 23635 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പ്ര : 184/17-18 | പ്രൊജക്ട് നമ്പ്ര : 185/17-18 |
|---|---|
| വൃദ്ധർക്ക് ഊന്നുവടി - എസ്.സി<br>ബിൽ നമ്പർ/തിയ്യതി: 14/17-18 തി. 12-02-2018<br>തുക: 18,375രൂപ, (എസ്. സി. പി)<br>(സഫാരി ട്രേഡിംഗ് കമ്പിനി, കോഡൂർ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് (നമ്പർ : 530/29-01-2018) പ്രകാരം 245 രൂപ നിരക്കിൽ 75 ഊന്നുവടി വാങ്ങി വിതരണം ചെയ്തു) | വൃദ്ധർക്ക് ഊന്നുവടി - എസ്.ടി<br>ബിൽ നമ്പർ/തിയ്യതി: 13/17-18 തി. 12-02-2018 തുക: 4900 രൂപ, (ടി.എസ്.പി)<br>(സഫാരി ട്രേഡിംഗ് കമ്പിനി, കോഡൂർ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് (നമ്പർ : 531/29-01-2018) പ്രകാരം 245 രൂപ നിരക്കിൽ 20 ഊന്നുവടി വാങ്ങി വിതരണം ചെയ്തു) |

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) യിലെ ആദ്യ വർഷ പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള 2017-18 ലെ പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തി: 03-04-2017 12.4 പ്രകാരം വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി (ഇടുക്കി വയനാട് എന്നീ ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിൽ ഒഴികെ), ഊന്നുവടി, കസേര മുതലായവ അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മാർഗ്ഗരേഖ പ്രകാരം സബ്സിഡി നൽകുന്നതിന് നിയന്ത്രണമുള്ള ഇനത്തിന് തുക ചെലവഴിച്ചതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 13/19-12-2018) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 23635 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 കാട് വെട്ട് യന്ത്രം നൽകൽ പ്രൊജക്ട് - മാർഗ്ഗരേഖ നിർദേശം പാലിച്ചില്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കർഷക ഗ്രൂപ്പുകൾക്ക് കാട് വെട്ട് യന്ത്രം നൽകൽ എസ്.ടി (പ്രൊജക്ട് നമ്പർ : 281/17-18) പ്രകാരം 3 കാട് വെട്ട് യന്ത്രങ്ങൾ RAIDCO Kerala LTD, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് (ഇൻവോയ്സ് നമ്പർ : NLBR/515/17-18 തി: 05-02-2018) 75000 രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ/തിയ്യതി : 13/28-02-2018

തുക : 67500 രൂപ (ടി.എസ്.പി), ഗുണഭോക്തൃ വിഹിതം 7500 രൂപ

ചുവടെ ചേർക്കുന്ന 3 കുടുംബശ്രീ അയൽക്കൂട്ട ഗ്രൂപ്പുകൾക്കാണ് കാട് വെട്ട് യന്ത്രങ്ങൾ വിതരണം ചെയ്തത്.

1. ജ്യോതി NHG കൊടമ്പുഴ, ഓടക്കയം

2. അംബേദ്കർ NHG വെറ്റിലപ്പാറ

3. ശിശിരം NHG എടക്കാട്ടുപറമ്പ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) യിലെ ആദ്യ വർഷ പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള 2017-18 ലെ പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തി: 03-04-2017 ഖണ്ഡിക 8.1(7) പ്രകാരം സമിതികൾക്കും സംഘങ്ങൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾ പാലിച്ച് കാട് വെട്ട് യന്ത്രങ്ങൾ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ എന്നിവക്ക് യന്ത്രങ്ങൾ നൽകാവുന്നതാണ്. എന്നാൽ കുടുംബശ്രീ അയൽക്കൂട്ട ഗ്രൂപ്പുകൾക്കാണ് കാട് വെട്ട് യന്ത്രങ്ങൾ വിതരണം ചെയ്തത്.
- തദ്ദേശഭരണ സ്ഥാപന തലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങൽ. എന്നാൽ അത്തരത്തിലുള്ള യാതൊരു റിപ്പോർട്ടും കൃഷി ഓഫീസർ തയ്യാറാക്കിയിട്ടില്ല.

- യന്ത്രങ്ങൾ ശരിയായി സൂക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കു എന്നും, സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ വേണം. എന്നാൽ അത്തരത്തിലൊരു കരാർ ചമച്ചിട്ടില്ല.
- യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലും, കൈവശാധികാരം സമിതി/സ്ഥാപനത്തിനുമായിരിക്കും. എന്നാൽ അക്കാര്യം ഉറപ്പുവരുത്താൻ ഒരു നടപടിയും കൃഷി ഓഫീസർ സ്വീകരിച്ചിട്ടില്ല.
- ദ്ദേശഭരണ സ്ഥാപനത്തിന്റെയും കൃഷി ഓഫീസറുടെ രേഖാമൂലമുള്ള അറിയിപ്പില്ലാതെ കൈവശത്തിലുള്ള ഒരു യന്ത്രങ്ങളും മറ്റാർക്കെങ്കിലും കൈമാറി നൽകാൻ പാടില്ല. അക്കാര്യം ഉറപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/19-12-2018) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

I. പ്രൊജക്ട് നമ്പർ : 13/17-18, പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ

1. ബിൽ നമ്പർ/തിയ്യതി: 11/17-18 തി. 08-03-2018

തുക: 93735 രൂപ, (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 191/20-11-2017 തുക : 16066

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 2235/20-11-2017 തുക : 77669

ഏജൻസി : KMCL തിരുവനന്തപുരം.

ഇൻവോയ്സ് നമ്പർ: 9556/30-09-2018 പ്രകാരം 5432 രൂപയുടെയും, ഇൻവോയ്സ് നമ്പർ: 9553/30-09-2018 പ്രകാരം 2091 രൂപയുടെയും മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 86212 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്.

2. ബിൽ നമ്പർ/തിയ്യതി: 12/17-18 തി. 08-03-2018

തുക: 56265 രൂപ, (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3757/23-01-2018 തുക : 23449

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 1118/23-01-2018 തുക : 32816

ഏജൻസി : KMCL തിരുവനന്തപുരം.

മരുന്നുകൾ ലഭ്യമായിട്ടില്ല.

II.പ്രൊജക്ട് നമ്പർ : 15/17-18പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി

ബിൽ നമ്പർ/തിയ്യതി: 3/17-18 തി. 11-01-2018

327218 രൂപ (വികസന ഫണ്ട് ജനറൽ)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 2528/30-11-2017 തുക : 323158

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 187/20-11-2017 തുക : 4060

ഏജൻസി : KMCL തിരുവനന്തപുരം.

ഇൻവോയ്സ് നമ്പർ: 9250/08-09-2018 പ്രകാരം 94110 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 233108 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്.

III.പ്രൊജക്ട് നമ്പർ : 290/17-18 ജീവിത ശൈലീരോഗ നിയന്ത്രണ പരിപാടി

ബിൽ നമ്പർ/തിയ്യതി: 10/17-18 തി. 08-03-2018

9789 രൂപ (വികസന ഫണ്ട് ജനറൽ)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 3399/01-01-2018

ഏജൻസി : KMCL തിരുവനന്തപുരം.

മേൽ ബില്ല് പ്രകാരം പിൻവലിച്ച തുക 8 ബി.പി അപ്പാരറ്റസ് വാങ്ങുന്നതിനായാണ് KMCL ന് നൽകിയത്. എന്നാൽ ആയത് ലഭ്യമായിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 15/19-12-2018) മറുപടി ലഭ്യമാക്കിയില്ല.

ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. ലഭ്യമാവാനവശേഷിക്കുന്ന മരുന്ന്, ഉപകരണങ്ങൾ എന്നിവയുടെ തുക 385374 രൂപ (86212 + 56265 + 233108 + 9789) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 പർച്ചേസ് ചെയ്ത ഫർണിച്ചർ, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗപ്രദമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പ്ര/പേര് : 265/18, മൾട്ടി പർപ്പസ് ബിൽഡിംഗിലേക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ : 400000 രൂപ

ബിൽ നമ്പർ/തിയ്യതി: 24/17-18 തി. 28-10-2017 തുക: 145484 രൂപ, (ലോകബാങ്ക് സഹായം)

ബിൽ നമ്പർ/തിയ്യതി: 25/17-18 തി. 28-10-2017 തുക: 123120 രൂപ, (ലോകബാങ്ക് സഹായം) മൾട്ടി പർപ്പസ് ബിൽഡിംഗിലേക്ക് ഫർണിച്ചർ വാങ്ങൽ പ്രൊജക്ട് പ്രകാരം 145484 രൂപ ചെലവഴിച്ച് ഫർണിച്ചർ, 123120 രൂപ ഉപയോഗിച്ച് ഇലക്ട്രോണിക് ഐറ്റംസ്, ടെലിവിഷൻ, ഫാൻ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ വാങ്ങിയിട്ടുണ്ട്. മൾട്ടി പർപ്പസ് ബിൽഡിംഗ് നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല. ഫർണിച്ചർ പ്രസ്തുത ബിൽഡിംഗിൽ ഉപയോഗപ്രദമാകാതെ സൂക്ഷിച്ചിരിക്കുകയാണ്. ടെലിവിഷൻ സെറ്റ് ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 20/20-12-2018) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ മറുപടി, ഭരണ സമിതിയുടെ തീരുമാനം ഉൾപ്പെടെ ലഭ്യമാക്കുന്നത് വരെ, ചെലവ് തുക 268604 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള പാത്രങ്ങൾ ലഭ്യമാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പ്ര/പേര് : 292/18, ഗ്രീൻ പ്രോട്ടോകോൾ സ്റ്റീൽ പാത്രങ്ങൾ വാങ്ങിക്കൽ

ബിൽ നമ്പർ/തിയ്യതി: 57/17-18 തി. 31-03-2018

തുക: 691500 രൂപ, (വികസന ഫണ്ട് ജനറൽ)

ഗ്രീൻ പ്രോട്ടോകോൾ സ്റ്റീൽ പാത്രങ്ങൾ വാങ്ങിക്കൽ പ്രൊജക്ട് പ്രകാരം 691500 രൂപ ചെലവഴിച്ച് 5000 സ്റ്റീൽ പ്ലേറ്റ്, 5000 സ്റ്റീൽ ഗ്ലാസ്സ് എന്നിവ വാങ്ങി പഞ്ചായത്ത് സി.ഡി.എസ് പ്രസിഡണ്ടിന് കൈമാറിയിട്ടുണ്ട്. ഇവ 1000 എണ്ണം സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് വീതം 5 കുടുംബശ്രീ യൂനിറ്റുകൾക്ക് പൊതു ജനങ്ങൾക്ക് വിവാഹം, മറ്റു ചടങ്ങുകൾ എന്നിവക്ക് ഉപയോഗിക്കുന്നതിനായി കൈമാറിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 25-01-2018 ലെ SEC/TN/02/17-18 നമ്പർ ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുത്തതിൽ ശ്രീ. അബ്ദുറഹ്മാൻ എൻ.കെ എന്നയാൾക്ക് തീരുമാനം നമ്പർ 1(4)/24-02-2018 പ്രകാരം ടെണ്ടർ നൽകി. ടെണ്ടർ നോട്ടീസ് പ്രകാരം 12 ഇഞ്ച് വലിപ്പമുള്ള ഉയർന്ന തരം സ്റ്റെയിൻലെസ്സ് സ്റ്റീൽ പ്ലേറ്റും, 350 ml / അതിൽ കൂടുതലോ അളവുള്ള ഉയർന്ന തരം സ്റ്റെയിൻലെസ്സ് സ്റ്റീൽ ഗ്ലാസ്സുമാണ് സ്പെസിഫിക്കേഷനായി രേഖപ്പെടുത്തിയിട്ടുള്ളത്.

സപ്ലൈ ചെയ്ത സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ്സ് എന്നിവ നേരിട്ട് പരിശോധിച്ചതിൽ 12 ഇഞ്ച് വലിപ്പമുള്ള സ്റ്റീൽ പ്ലേറ്റിന് പകരം 11 ഇഞ്ച് വലിപ്പമുള്ള സ്റ്റീൽ പ്ലേറ്റും, 350 ml അളവുള്ള സ്റ്റീൽ ഗ്ലാസ്സിന് പകരം 200 ml അളവുള്ള സ്റ്റീൽ ഗ്ലാസ്സുമാണ് സപ്ലൈചെയ്തത്.

ടെണ്ടർ സ്പെസിഫിക്കേഷനിൽ പറഞ്ഞ അളവിലുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. സപ്ലൈ ചെയ്ത സമയത്ത് ടെണ്ടറിൽ പ്രദിപാദിച്ച അളവ് പരിശോധിക്കാതെ സാധനങ്ങൾ കൈപ്പറ്റി വിതരണം ചെയ്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു വന്ന ഗുരുതരമായ വീഴ്ചയാണ്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 19/20-12-2018) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ മറുപടി, ഭരണ സമിതിയുടെ തീരുമാനം ഉൾപ്പെടെ ലഭ്യമാക്കുന്നത് വരെ, ചെലവ് തുക 691500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല-

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ പദ്ധതികൾ തയ്യാറാക്കിയെങ്കിലും 174 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ പ്രൊജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 193 | ആകെ അടങ്കൽ | 70265821 |
| നടപ്പിലാക്കിയത് | 150 | ചെലവ് | 50537732 |
| ശതമാനം | 77.72 | ചെലവ് ശതമാനം | 71.92 |

76 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസിയറും അടക്കം ആകെ 2 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ

പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

## 3-9 അനിവാര്യമല്ലാത്ത പ്രവൃത്തികൾ നടത്തി -പൊതു പണം പാഴ്ച്ചെലവായി

2017-18 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ പ്രവൃത്തിയുടെ ഉദ്ദേശ്യ പൂർത്തീകരണത്തിന് അനിവാര്യമല്ലാത്ത ഇനം പ്രവൃത്തികൾ നടപ്പാക്കിയതുമൂലം പഞ്ചായത്തിന്റെ പണം പാഴ്ച്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.

1) തെരട്ടമ്മൽ പാറക്കടവ് ഡ്രൈനേജ് നിർമാണം. ( /18)

ഈ പ്രവൃത്തിയിൽ 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത ഡ്രൈനേജ് സൈഡ് വാൾ സിമന്റ് പ്ലാസ്റ്ററിംഗ് നടത്തുന്നതിന് ₹ 31014 അനുവദിച്ചുനൽകി ( എസ്റ്റിമേറ്റ് ഇനം 5)

ഡ്രൈനേജിന് കോൺക്രീറ്റ് ചെയ്ത സൈഡ് വാൾ പ്ലാസ്റ്റർ ചെയ്തത് കൊണ്ട് പ്രത്യേകിച്ച് നേട്ടമൊന്നും ഉണ്ടായതായി കരുതാൻവയ്യ.

2)തെരട്ടമ്മൽ പാറക്കടവ് ഡ്രൈനേജ് നിർമാണം. ( /18)

ഈ പ്രവൃത്തിയിൽ 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത ഡ്രൈനേജ് സൈഡ് വാൾ സിമന്റ് പ്ലാസ്റ്ററിംഗ് നടത്തുന്നതിന് ₹ 43789.88 അനുവദിച്ചുനൽകി ( എസ്റ്റിമേറ്റ് ഇനം 8)

റോഡ് ഡ്രൈനേജിന് കോൺക്രീറ്റ് ചെയ്ത സൈഡ് വാൾ പ്ലാസ്റ്റർ ചെയ്തത് കൊണ്ട് പ്രത്യേകിച്ച് നേട്ടമൊന്നും ഉണ്ടായതായി കരുതാൻവയ്യ.

.കൂടാതെ 2017-18 വർഷ്തതിൽ ചെയ്ത മറ്റ് ഡ്രൈനേജ് പ്രവൃത്തികളിലും ഇത്തരത്തിൽ പ്ലാസ്റ്ററിംഗ് അനുവദിച്ചിട്ടില്ല.ഇത്തരത്തിൽ അനിവാര്യമല്ലാത്ത പ്രവൃത്തികൾ നടപ്പാക്കി പൊതുപണം ഉപകാരപ്രദമല്ലാതെ ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-10 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

കരാർ ചമക്കൽ

പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീരിക്കപ്പെട്ട വിവരം അറിയിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാരൻ നോട്ടീസ് കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിയാണ് കരാർ ചമക്കേണ്ടത്. (മിനിമം1000 പരമാവധി 25000) 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ധാക്കണം, EMD കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം.( PWD manual. ഖ.2009-6).

എന്നാൽ നിശ്ചിത കാലാവധിക്കം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ PWD മാന്വൽ നിർദേശിക്കുന്ന മേൽ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. പിഴ പോലും ഈടാക്കാതെ കരാർ ചമക്കാൻ അനുവദിക്കുകയാണ് ചെയ്യുന്നത്.

പ്രവൃത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം ,വിവധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

V.iv.കാലാവധി ദീർഘീകരണം (Extension of Time) & പിഴ

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012 /PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ

നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭവിയിൽ ആവർത്തിക്കാതിരിക്കാൽശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൽപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 യഥാർത്ഥത്തിൽ ഉപയോഗിച്ചതിനെക്കാൾ കൂടുതൽ സാധനത്തിന് പണം നൽകി.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ കണക്ക്, വില, തൊഴിലാളികളുടെ വേതനം , മറ്റ് ചെലവുകൾ എന്നിവ വ്യക്തമായിരേഖപ്പെടുത്തുകയും വരവ് ചെലവ് കണക്ക് തയ്യാറാക്കി സൂക്ഷിക്കണം എന്ന് ഇത് സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 13.11.2014 ലെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യം പഞ്ചായത്ത് എന്ന് ഗുണഭോക്തൃസമിതി കൺവീനറുമായി ചമച്ച കരാറിലും വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ ഏതാനും പ്രവൃത്തികളിൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്നതിനായി ഗുണഭോക്തൃ സമിതി വാങ്ങിയതിനെക്കാൾ കൂടുതൽ അളവ് സാധനങ്ങൾ പ്രവൃത്തിക്ക് ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി പണം അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തിക്ക് സാധനം വാങ്ങിയതിന്റെ ബില്ലും, ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ് ചെലവ് കണക്കും പ്രകാരം മേൽ പ്രവൃത്തിക്ക് പ്രസ്തുത സമിതി വാങ്ങിയതിനെക്കാൾ കൂടുതൽ അളവിൽ സാധനങ്ങൾ ഉപയോഗിച്ചു എന്ന് എഞ്ചിനിയർ രേഖപ്പെടുത്തി പണം നൽകിയത് ശരിയല്ല.

വിശദ വിവരം താഴെ നൽകുന്നു.

1) തെഞ്ചീരി സ്കൂൾ മുകൾ നില നിർമാണം (53/18)

കൺവീനർ - ശ്രീമതി ജോളി ജോസഫ്

കരാർ - 37/2016-17 Dt. 17.02.2017

ചെലവ് - ₹ 457179 (ബിൽ നമ്പർ 345592/11.08.2017 )

എം ബുക്ക് - 52/16-17

സ്കൂൾ കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്ത് ഷീറ്റ് മേഞ്ഞ് ഏതാനും ക്ലാസ്സ് മുറികൾ നിർമിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവൃത്തി ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്ത് നടത്തിയത്. ഈ പ്രവൃത്തി പൂർത്തീകരിച്ച് പി.ടി.എ , എസ്.എം.സി യോഗത്തിൽ പ്രവൃത്തിയുടെ ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച ചെലവ് കണക്കുകൾ അനുസരിച്ചുള്ള പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചത് പരിശോധിച്ചതിൽ സെറ്റെയർകേസ്, ഹാന്റ് റെയിൽ , ഷീറ്റ് മേയുന്നതിനുള്ള ട്രസ്സ് വർക്ക് എന്നിവക്കായി ആകെ 1895.50 കിലോഗ്രാം ഇരുമ്പ് സാധനങ്ങളാണ് (GI പൈപ്പ്, ആംഗ്ലർ, സി ചാനൽ എന്നിവ) വാങ്ങിയത് എന്ന് വ്യക്തമായി ( മലബാർ മാർക്കറ്റിംഗ് ഏജൻസീസ് അരീക്കോട് എന്ന സ്ഥാപനത്തിന്റെ 02.06.2017 ലെ 488 നമ്പർ ബിൽ)

എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പ്രവൃത്തി ഇനം 4,5,6 എന്നിവയിലായി (ഹാന്റ് റെയിൽ, സ്റ്റെയർ, ട്രസ്സ് വർക്ക് ) ആകെ 2248.92 കിലോഗ്രാം ഇരുമ്പ് ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി അതനുസരിച്ച് കൺവീനർക്ക് പണം നൽകിയിട്ടുണ്ട്.

പ്രവൃത്തിക്ക് വേണ്ടി ഗുണഭോക്തൃസമിതി ആകെ വാങ്ങിയതിനെക്കാൾ 353.42 Kg (2248.92-1895.50) കൂടുതൽ

കമ്പി പ്രവൃത്തിയിൽ ഉപയോഗിച്ച എന്നത് അംഗീകരിക്കാനാവില്ല. പ്രവൃത്തിയിൽ ഉപയോഗിച്ച കമ്പിയുടെ കനം, ഭാരം എന്നിവ രേഖപ്പെടുത്തുന്നതിൽ എഞ്ചിനിയർക്ക് തെറ്റ് പറ്റിയതുമൂലമാണ് അധികം അളവ് രേഖപ്പെടുത്താൻ ഇടയായത് എന്ന് വ്യക്തമാണ്.

അധികമായി അളവ് രേഖപ്പെടുത്തിയ 353.42 Kg കമ്പിക്ക് അധികമായി നൽകിയ ₹ 47521 ( 353.42x134.46) ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

[കുറിപ്പ്: ഇനം 4,5,6 എന്നിവയിൽ ആകെ അനുവദിച്ച തുക – 302398.75, എം ബുക്കിൽ ആകെ രേഖപ്പെടുത്തിയ തൂക്കം- 2248.92. കമ്പിയുടെ ശരാശരി വില – 134.46 ]

2. തച്ചംപറമ്പ് അംഗനവാടി ഒന്നാംനില നിർമാണം

കൺവീനർ ശ്രീ യാസർ നിയാസ്

കരാർ - 46/2016-17 Dt. 01.03.2017

ചെലവ് - ₹ 284236 (ബിൽ നമ്പർ 345644/11.08.2017 )

എം ബുക്ക് - /16-17

അംഗൻവാടി കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്ത് ഷീറ്റ് മേഞ്ഞ് ഹാൾ നിർമിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവൃത്തി ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്ത് നടത്തിയത്. ഈ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതി യോഗത്തിൽ പ്രവൃത്തിയുടെ ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച ചെലവ് കണക്കുകൾ അനുസരിച്ചുള്ള പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചത് പരിശോധിച്ചതിൽ സെറ്റെയർകേസ്, ഹാന്റ് റെയിൽ , ഷീറ്റ് മേയുന്നതിനുള്ള ട്രസ്സ് വർക്ക് എന്നിവക്കായി ആകെ 1180 കിലോഗ്രാം ഇരുമ്പ് സാധനങ്ങളാണ് (GI പൈപ്പ്) വാങ്ങിയത് എന്ന് വ്യക്തമായി ( KK ട്രേഡേർസ് കുറ്റൂളി എന്ന സ്ഥാപനത്തിന്റെ 02.03.2017 ലെ ബിൽ)

എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പ്രവൃത്തി ഇനം 4,5,6 എന്നിവയിലായി (ഹാന്റ് റെയിൽ, സ്റ്റെയർ, ട്രസ്സ് വർക്ക് ) ആകെ 1412.61 കിലോഗ്രാം ഇരുമ്പ് ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി അതനുസരിച്ച് കൺവീനർക്ക് പണം നൽകിയിട്ടുണ്ട്.

പ്രവൃത്തിക്ക് വേണ്ടി ഗുണഭോക്തൃസമിതി ആകെ വാങ്ങിയതിനെക്കാൾ 232.61 Kg (1412.61-1180) കൂടുതൽ കമ്പി പ്രവൃത്തിയിൽ ഉപയോഗിച്ച എന്നത് അംഗീകരിക്കാനാവില്ല. പ്രവൃത്തിയിൽ ഉപയോഗിച്ച കമ്പിയുടെ കനം, ഭാരം എന്നിവ രേഖപ്പെടുത്തുന്നതിൽ എഞ്ചിനിയർക്ക് തെറ്റ് പറ്റിയതുമൂലമാണ് അധികം അളവ് രേഖപ്പെടുത്താൻ ഇടയായത് എന്ന് വ്യക്തമാണ്.

അധികമായി അളവ് രേഖപ്പെടുത്തിയ 232.61 Kg കമ്പിക്ക് അധികമായി നൽകിയ ₹ 29455 ( 232.61x126.63) ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

[കുറിപ്പ്: ഇനം 4,5,6 എന്നിവയിൽ ആകെ അനുവദിച്ച തുക – 178879.15, എം ബുക്കിൽ ആകെ രേഖപ്പെടുത്തിയ തൂക്കം- 1412.61. കമ്പിയുടെ ശരാശരി വില – 126.63 ]

3.കരിക്കിലംപാട് അംഗനവാടി ഒന്നാംനില നിർമാണം

കൺവീനർ ശ്രീ ഗോപാലകൃഷ്ണൻ പി.പി

കരാർ – 45/2016-17 Dt. 01.03.2017

ചെലവ് - ₹ 278147 (ബിൽ നമ്പർ 345639/11.08.2017 )

എം ബുക്ക് - 56 /16-17

അംഗൻവാടി കെട്ടിടത്തിന്റെ മുകളിൽ ട്രസ് വർക്ക് ചെയ്ത് ഷീറ്റ് മേഞ്ഞ് ഹാൾ നിർമിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവൃത്തി ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്ത് നടത്തിയത്. ഈ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതി യോഗത്തിൽ പ്രവൃത്തിയുടെ ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച ചെലവ് കണക്കുകൾ അനുസരിച്ചുള്ള പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചത്

പരിശോധിച്ചതിൽ സെറ്റെയർകേസ്, ഹാന്റ് റെയിൽ , ഷീറ്റ് മേയുന്നതിനുള്ള ട്രസ്സ് വർക്ക് എന്നിവക്കായി ആകെ 1175 കിലോഗ്രാം ഇരുമ്പ് സാധനങ്ങളാണ് (GI പൈപ്പ്) വാങ്ങിയത് എന്ന് വ്യക്തമായി ( KK ട്രേഡേർസ് കുറ്റൂളി എന്ന സ്ഥാപനത്തിന്റെ 01.03.2017 ലെ ബിൽ)

എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പ്രവൃത്തി ഇനം 4,5,8 എന്നിവയിലായി (ഹാന്റ് റെയിൽ, സ്റ്റെയർ, ട്രസ്സ് വർക്ക് ) ആകെ 1355.41 കിലോഗ്രാം ഇരുമ്പ് ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി അതനുസരിച്ച് കൺവീനർക്ക് പണം നൽകിയിട്ടുണ്ട്.

പ്രവൃത്തിക്ക് വേണ്ടി ഗുണഭോക്തൃസമിതി ആകെ വാങ്ങിയതിനെക്കാൾ 180.41 Kg (1355.41-1175) കൂടുതൽ കമ്പി പ്രവൃത്തിയിൽ ഉപയോഗിച്ച എന്നത് അംഗീകരിക്കാനാവില്ല. പ്രവൃത്തിയിൽ ഉപയോഗിച്ച കമ്പിയുടെ കനം, ഭാരം എന്നിവ രേഖപ്പെടുത്തുന്നതിൽ എഞ്ചിനിയർക്ക് തെറ്റ് പറ്റിയതുമൂലമാണ് അധികം അളവ് രേഖപ്പെടുത്താൻ ഇടയായത് എന്ന് വ്യക്തമാണ്.

അധികമായി അളവ് രേഖപ്പെടുത്തിയ 180.41 Kg കമ്പിക്ക് അധികമായി നൽകിയ ₹ 23089 ( 180.41x127.98) ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

[കുറിപ്പ്: ഇനം 4,5,8 എന്നിവയിൽ ആകെ അനുവദിച്ച തുക – 173468.39, എം ബുക്കിൽ ആകെ രേഖപ്പെടുത്തിയ തൂക്കം- 1355.41. കമ്പിയുടെ ശരാശരി വില – 127.98 ]

4.തെഞ്ചിരി അംഗനവാടി അഭിവൃദ്ധിപ്പെടുത്തൽ

കൺ- ശ്രീമതി പാത്തുമ്മക്കുട്ടി

കരാർ – 45/2016-17 Dt. 01.03.2017

ചെലവ് - ₹ 278147 (ബിൽ നമ്പർ 345639/11.08.2017 )

എം ബുക്ക് - 56 /16-17

അംഗൻവാടി കെട്ടിടത്തിന്റെ അടുക്കള സൗകര്യം വർദ്ധിപ്പിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഈ പ്രവൃത്തി ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്ത് നടത്തിയത്. ഈ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതി യോഗത്തിൽ പ്രവൃത്തിയുടെ ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച ചെലവ് കണക്കുകൾ അനുസരിച്ചുള്ള പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചത് പരിശോധിച്ചതിൽ ഗ്രിൽ വർക്ക് , ഷീറ്റ് മേയുന്നതിനുള്ള ട്രസ്സ് വർക്ക് എന്നിവക്കായി ആകെ 235 കിലോഗ്രാം ഇരുമ്പ് സാധനങ്ങളാണ് വാങ്ങിയത് എന്ന് വ്യക്തമായി ( KK ട്രേഡേർസ് കുറ്റൂളി എന്ന സ്ഥാപനത്തിന്റെ 18.03.2017 ലെ ബിൽ)

എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയപ്പോൾ പ്രവൃത്തി ഇനം 8,10 എന്നിവയിലായി ( ട്രസ്സ് വർക്ക്, ഗ്രിൽ ) ആകെ 267.583 കിലോഗ്രാം ഇരുമ്പ് ഉപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തി അതനുസരിച്ച് കൺവീനർക്ക് പണം നൽകിയിട്ടുണ്ട്.

പ്രവൃത്തിക്ക് വേണ്ടി ഗുണഭോക്തൃസമിതി ആകെ വാങ്ങിയതിനെക്കാൾ 32.583 Kg (267.583-235) കൂടുതൽ കമ്പി പ്രവൃത്തിയിൽ ഉപയോഗിച്ച എന്നത് അംഗീകരിക്കാനാവില്ല. പ്രവൃത്തിയിൽ ഉപയോഗിച്ച കമ്പിയുടെ കനം, ഭാരം എന്നിവ രേഖപ്പെടുത്തുന്നതിൽ എഞ്ചിനിയർക്ക് തെറ്റ് പറ്റിയതുമൂലമാണ് അധികം അളവ് രേഖപ്പെടുത്താൻ ഇടയായത് എന്ന് വ്യക്തമാണ്.

അധികമായി അളവ് രേഖപ്പെടുത്തിയ 32.583 Kg കമ്പിക്ക് അധികമായി നൽകിയ ₹ 4401 ( 32.583x135.07) ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

[കുറിപ്പ്: ഇനം 8,10 എന്നിവയിൽ ആകെ അനുവദിച്ച തുക – 36142.55, എം ബുക്കിൽ ആകെ രേഖപ്പെടുത്തിയ തൂക്കം- 267.583. കമ്പിയുടെ ശരാശരി വില – 135.07 ]

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നമ്പർ ) നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പറയുന്നത് ഗുണഭോക്തൃ സമിതി സാധനം വാങ്ങിയ ബില്ലുകൾ മുഴുവനായി സമർപ്പിക്കാതിരുന്നത് മൂലമാകാം അപാകത വന്നത് എന്നാണ്. ഗുണഭോക്തൃ സമിതി അംഗീകരിച്ച് സമർപ്പിച്ച ഫൈനൽ ചെലവ് കണക്കിൽ കൂടുതൽ കമ്പി വാങ്ങിയതായി കാണിച്ചിട്ടില്ല. ആയതിനാൽ തന്നെ നിർവഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാനാവില്ല.

## 3-12 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയില്ല- ഒരു കോടി രൂപ ചെലവ് ഉപകാരപ്പെടുന്നില്ല

2017-18 വർഷത്തിൽ നടപ്പാക്കിയ വിവധ പ്രൊജക്റ്റുകൾ പ്രകാരം നിർമിച്ച താഴെ പറയുന്ന കെട്ടിടങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

| കെട്ടിടം | 2017-18 വരെ ചെലവഴിച്ച തുക | കുറിപ്പ് |
|---|---|---|
| അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി കെട്ടിടം. | 2985256 | 2017-18 വർഷത്തിൽ 45/18, 210/18 എന്നീ പ്രൊജക്റ്റുകൾ പ്രകാരം ഈ കെട്ടിടം നിർമിക്കുന്നതിനും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 30 ലക്ഷത്തോളം രൂപ ചെലവഴിച്ചുവെങ്കിലും സെന്റർ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. |
| മൾട്ടി പർപ്പസ് ബിൽഡിംഗ് (പകൽവീട്, ആയുർവേദ ആശുപത്രി കെട്ടിടം) | 5443443 | 2017-18 വർഷത്തിൽ 94/18<br>114/18 എന്നീ പ്രൊജക്റ്റുകളിലായി 54 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് കെട്ടിടം നിർമിച്ചുവെങ്കിലും നാളിതുവരെ തുറന്ന് കൊടുത്തിട്ടില്ല. പഞ്ചായത്തിലെ ആയുർവേദ ആശുപത്രി ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ് |
| ബഡ്സ് സ്കൂൾ കെട്ടിടം | 2041452 | 2017-18 വർ,ത്തിൽ 99/18, 328/18 എന്നീ പ്രൊജക്റ്റുകളിലായി 20 ലക്ഷത്തിലധികം രൂപ ബഡ്സ് സ്കൂൾ കെട്ടിടം നിർമിക്കുന്നതിന് ചെലവഴിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ആകെ | 10470151 | |

പൊതുപണം വിനിയോഗിച്ച് നിർമിച്ച ആസ്തികൾ ഉപയോഗപ്പെടുത്താതെ പണം പാഴ്ചെലവാകുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 പിഴ ഈടാക്കിയിട്ടില്ല.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് പ്രവൃത്തി വൈകുന്ന ആദ്യത്തെ മൂന്ന് മാസത്തിന് 1% നിരക്കിലും തുടർന്ന് വൈകുന്ന ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കുന്നതാണ് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പൂർത്തീകരണം വൈകിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

1)ചുണ്ടത്ത് മാങ്ങോടമ്മൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ

| | |
|---|---|
| കരാറുകാരൻ | ശ്രീ നൗഷാദ് കൊറളിയാടൻ |
| കരാർ | 79/16-17 തി. 22.03.2017 |
| PAC | 250000 |
| പ്രവൃത്തി പൂർത്തീയാക്കുന്നതിന് അനുവദിച്ച കാലയളവ് /പൂർത്തീകരിക്കേണ്ട തിയ്യതി | 6 മാസം<br>21.09.2017 |
| പൂർത്തീകരിച്ച തിയ്യതി | 12.03.2018 |
| എം ബുക്ക് | 115/17-18 |

| | |
|---|---|
| ചെലവ് | 249686 (ബിൽ നം 163718/14.03.2018) |
| ഈടാക്കേണ്ട പിഴ | |
| 22.09.2017 to 21.12.2017 @ 1% of PAC | 2500 |
| 22.12.2017 to 12.03.2018 @2% of PAC ( 81ദിവസം) | 4500 |
| ആകെ | 7000 |

2)പന്തങ്ങാടി കൊട്ടംപാറ റോഡ് ടാറിംഗ്

| | |
|---|---|
| കരാറുകാരൻ | ശ്രീ സജീബ് കെ.സി |
| കരാർ | 16/16-17 തി. 31.01.2017 |
| PAC | 200000 |
| പ്രവൃത്തി പൂർത്തീയാക്കുന്നതിന് അനുവദിച്ച കാലയളവ് /പൂർത്തീകരിക്കേണ്ട തിയ്യതി | 6 മാസം<br>30.07.2017 |
| പൂർത്തീകരിച്ച തിയ്യതി | 17.02.2018 |
| എം ബുക്ക് | 113/17-18 |
| ചെലവ് | 199986(ബിൽ നം 1069454/27.02.2018) |
| ഈടാക്കേണ്ട പിഴ | |
| 31.07.2017 to 30.10.2017 @ 1% of PAC | 2000 (200000x1/100) |
| 31.10.2017 to 30.01.2018 @ 2% of PAC | 4000 (200000x2/100) |
| 31.01.2018 to 17.02.2018@2% of PAC (18ദിവസം) | 800 (200000x2/100x18/90) |
| ആകെ | 6800 |

3) കൊല്ലംതൊടി പെരിയത്തിച്ചാൽ കളത്തിങ്ങൽ തൊടി റോഡ് റി ടാറിംഗ്

| | |
|---|---|
| കരാറുകാരൻ | ശ്രീ ഫിറോസ് മോൻ P |
| കരാർ | 41/16-17 തി. 01.03.2017 |
| PAC | 200000 |
| പ്രവൃത്തി പൂർത്തീയാക്കുന്നതിന് അനുവദിച്ച കാലയളവ് /പൂർത്തീകരിക്കേണ്ട തിയ്യതി | 6 മാസം<br>31.08.2017 |
| പൂർത്തീകരിച്ച തിയ്യതി | 05.01.2018 |
| എം ബുക്ക് | 94/17-18 |
| ചെലവ് | 199884 (ബിൽ നം 954342/30.01.2018) |
| ഈടാക്കേണ്ട പിഴ | |
| 01.09.2017 to 30.11.2017 @ 1% of PAC | 2000 ((200000x1/100) |
| 01.12.2017 to 05.01.2018 @ 2% of PAC(36ദിവസം) | 1600 (200000x2/100x36/90) |
| ആകെ | 3600 |

4) കുട്ടപ്പുവ്വത്തിക്കൽ പുളൂർ ഉള്ളപറമ്പ് റോഡ് റി ടാറിംഗ്

| | |
|---|---|
| കരാറുകാരൻ | ശ്രീ ഫിറോസ് മോൻ P |
| കരാർ | 39/16-17 തി. 01.03.2017 |
| PAC | 150000 |
| പ്രവൃത്തി പൂർത്തീയാക്കുന്നതിന് അനുവദിച്ച കാലയളവ് /പൂർത്തീകരിക്കേണ്ട തിയ്യതി | 6 മാസം<br>31.08.2017 |
| പൂർത്തീകരിച്ച തിയ്യതി | 01.01.2018 |
| എം ബുക്ക് | 91/17-18 |
| ചെലവ് | 101991 (ബിൽ നം 954343/30.01.2018) |
| ഈടാക്കേണ്ട പിഴ | |
| 01.09.2017 to 30.11.2017 @ 1% of PAC | 1500 (150000x1/100) |
| 01.12.2017 to 01.01.2018 @ 2% of PAC( 32ദിവസം) | 1067 (150000x2/100x32/90) |
| ആകെ | 2567 |

5)കരിപ്പത്തിച്ചാൽ SC കോളനി റോഡ് റി ടാറിംഗ്

| | |
|---|---|
| കരാറുകാരൻ | ശ്രീ ഫിറോസ് മോൻ P |
| കരാർ | 42/16-17 തി. 01.03.2017 |
| PAC | 200000 |
| പ്രവൃത്തി പൂർത്തീയാക്കുന്നതിന് അനുവദിച്ച കാലയളവ് /പൂർത്തീകരിക്കേണ്ട തിയ്യതി | 6 മാസം<br>31.08.2017 |
| പൂർത്തീകരിച്ച തിയ്യതി | 30.12.2017 |
| എം ബുക്ക് | 92/17-18 |
| ചെലവ് | 199847(ബിൽ നം 954344/30.01.2018) |
| ഈടാക്കേണ്ട പിഴ | |
| 01.09.2017 to 30.11.2017 @ 1% of PAC | 2000 (200000x1/100) |
| 01.12.2017 to 30.12.2017 @ 2% of PAC(30 ദിവസം) | 1333 (200000x2/100x30/90) |
| ആകെ | 3333 |

6)ആദാടി SC കോളനി റോഡ് റി ടാറിംഗ്

| | |
|---|---|
| കരാറുകാരൻ | ശ്രീ സക്കീർ കെ |
| കരാർ | 38/16-17 തി. 01.03.2017 |
| PAC | 200000 |
| പ്രവൃത്തി പൂർത്തീയാക്കുന്നതിന് അനുവദിച്ച കാലയളവ് /പൂർത്തീകരിക്കേണ്ട തിയ്യതി | 6 മാസം<br>31.08.2017 |
| പൂർത്തീകരിച്ച തിയ്യതി | 04.01.2018 |
| എം ബുക്ക് | 93/17-18 |

| | |
|---|---|
| ചെലവ് | 200000 (ബിൽ നം 345938/28.03.2018) |
| ഈടാക്കേണ്ട പിഴ | |
| 01.09.2017 to 30.11.2017 @ 1% of PAC | 2000 (200000x1/100) |
| 01.12.2017 to 04.01.2018 @2% of PAC ( 35ദിവസം) | 1556 (200000x2/100x35/90) |
| ആകെ | 3556 |

മേൽ പ്രവൃത്തികളിലൊന്നും തന്നെ കരാറുകാർ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് എന്തെങ്കിലും കാരണം വ്യക്തമാക്കുകയോ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല.

റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് 6 മാസം എന്ന ദീർഘമായ കാലയളവ് പൂർത്തീകരണ സമയം അനുവദിച്ചിട്ടും പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കാതെ ഫൈനൽ ബിൽ നൽകിയത് ശരിയല്ല. പിഴ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 106250 | നെൽകൃഷി കൂലിച്ചെലവ് പ്രൊജക്റ്റ് നമ്പർ:267/18 | 106250 | 0 |
| | 2017-18 | 255000 | പച്ചക്കറി കൃഷി കൂലിച്ചെലവ്, പ്രൊജക്റ്റ് നമ്പർ:271/18 | 255000 | 0 |
| | 2017-18 | 445568 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സഹായം, പ്രൊജക്റ്റ് നമ്പർ:202/18 | 447955 | -2387 |
| | 2017-18 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി, പ്രൊജക്റ്റ് നമ്പർ:141/18 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 106250 | നെൽകൃഷി കൂലിച്ചെലവ് പ്രൊജക്റ്റ് നമ്പർ:267/18 | 106250 | 0 |
| | 2017-18 | 650000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സഹായം, പ്രൊജക്റ്റ് നമ്പർ:202/18 | 649890 | 110 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഇല്ല

## 4-3 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 7036 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | ഓഡിറ്റ് എൻക്വയറി നം.10/03.10.17 | 4099 | ശ്രീ. സജീഷ് സി, അസി.എഞ്ചിനിയർ | 11704103538/21-10-2017 |
| 2016-17 | 3-10 | 680 | ഡോ. ഫൗസിയ, ഹോമിയോ മെഡിക്കൽ ഓഫീസർ | 11704105999/23-01-2018 |
| 2016-17 | ലഭ്യമായിട്ടില്ല | 2257 | ശ്രീ.ഹുസൈൻ,സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് | 11702090056/24-11-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4),47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | -- |
| 2014-15 | 2(2),2(3),2(4), | 2016-17 | --- | --- | --- |
| 2015-16 | 2(8),2(9),2(10), 2(11),2(12) | 2016-17 | --- | --- | --- |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-00 | 24,25(1),(2) | ശ്രീ.വേലായുധൻ, ജൂനിയർ സൂപ്രണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് | LF4256/ Spl.Cell(SC5) /06/19.05.08 | 13700/- | -- | -- | -- | -- | -- | 13700/- |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 166793883.71 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139778122 |
| വരവിനങ്ങളിലുള്ള നഷ്ടം | 3206 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 153101 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1540678 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 524 | | ശ്രീ.കെ.ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 2-5 | 2682 | | ശ്രീ.കെ.ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-2 | | 25000 | ശ്രീമതി. ടി.വി ഷൈലജ, അസി.സെക്രട്ടറി |
| 3-3 | | 23635 | ശ്രീമതി. ടി.വി ഷൈലജ, അസി.സെക്രട്ടറി |
| 3-11 | | 104466 | ശ്രീ.സജീഷ് സി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 3206 | 153101 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 195200 | ശ്രീമതി.ജോളി ജോസഫ്, ഹെഡ്മിസ്ട്രസ് |
| 3-5 | 385374 | ഡോ.അബൂബക്കർ.എം, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-6 | 268604 | ശ്രീ. കെ. ഗോപാലകൃഷ്ണൻ, സെക്രട്ടറി |
| 3-7 | 691500 | ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ്, സെക്രട്ടറി |
| ആകെ | 1540678 | |

സ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ടി.വി ഷൈലജ അസി.സെക്രട്ടറി | അസി.സെക്രട്ടറി, തലയാഴം ഗ്രാമപഞ്ചായത്ത്, കോട്ടയം. | കളപ്പുരയ്ക്കൽ ഹൗസ്,തലയാഴം പി.ഒ, വൈക്കം.പിൻ-686607 |
| ശ്രീ.സജീഷ് സി അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി സെക്ഷൻ, തിരുവാലി | ചിത്രാലയം, കാവനൂർ പി.ഒ, മലപ്പുറം ജില്ല. പിൻ-673639 |
| ശ്രീ.കെ.ഗോപാലകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി,മൊറയൂർ ഗ്രാമപഞ്ചായത്ത് | സൗരഭം, പെരിങ്ങലം.പി.ഒ., കുന്നമംഗലം, കോഴിക്കോട്-673571 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ | തീർപ്പാക്കാത്ത | റിമാർക്സ് |
|---|---|---|---|

| | കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |
| 1985-86 | കെ.എസ്.എ.എം.പി.എം.6/3044/2016 തി.21.11.2018 | 1 | |
| 1988-89, 1989-90 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 2 | |
| 1990-91 | എൽ.എഫ്.എം.9/945/94 തി.12.5.1995 | 1 | |
| 1991-92 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 13 | |
| 1992-93,1993-94 | എൽ.എഫ്.എം.6/121/98 തി.10.7.1998 | 12 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ.എഫ്.എം.9/193/05തി.4.06.2005 | 7 | |
| 1996-97 | എൽ.എഫ്.എം.1തി.17.06.20032/1292 | 12 | |
| 1997-98 | എൽ.എഫ്.എം.12/1293/02 തി.27.09.2003 | - | |
| 1998-99 | എൽ.എഫ്.എം.12/533/03 തി.24.12.2003 | 21 | |
| 1999-00 | എൽ.എഫ്.എം.8/1609/03 തി.14.5.2004 | 15 | |
| 2000-01,2001-02 | എൽ.എഫ്.എം.12/1656/03 തി.25.6.2004 | 20 | |
| 2002-03 | എൽ.എഫ്.എം.15/1734/08 തി.3.8.2009 | 2 | |
| 2003-04 | എൽ.എഫ്.എം.15/1735/08 തി.3.8.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/107/09 തി.25.4.2009 | 4 | |
| 2005-06 | എൽ.എഫ്.എം.15/523/10 തി.18.9.2010 | 11 | |
| 2006-07 | എൽ.എഫ്.എം.15/524/10 തി.18.9.2010 | 25 | |
| 2007-08 | എൽ.എഫ്.എം.6/541/12 തി.15.5.12 | 35 | |
| 2008-09 | എൽ.എഫ്.എം.6/542/12 തി.31.10.12 | 17 | |
| 2009-10 | കെ.എസ്.എ.എം.പി.എം.6/ 3044/2016 തി.21.11.2018 | 17 | |
| 2010-11 | എൽ.എഫ്.എം.6/993/13 തി.7.12.13 | 20 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.6/ 24646/2018 തി.06.12.2018 കെ.എസ്.എ.എം.പി.എം.6/ 2550/2018 തി.06.12.2018 | 9 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/483/2016 തി:23.2.2018 | 19 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/2736/2016 തി:31.03.2018 | 20 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/2170/2017 തി:09.07.2018 | 17 | |

1977-78 വർഷ ഓഡിറ്റ് റിപ്പോർട്ട മുതൽ തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനു വേണ്ട സത്വര നടപടികൾ സെക്രട്ടറിയും ഭരണസമിതിയും ചേർന്ന് സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.6/13/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 22-01-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്